കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കക്കോടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/D1/2199/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/01/2026
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കക്കോടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/D1/2199/25

തീയ്യതി: 08/01/2026

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-11-2024 മുതൽ 31-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 14-11-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എ.എസ് .ബിജേഷ്.കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	25-11-2025	01-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)

25-11-2025	01-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രബിത ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ധന്യ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി ജെ, ഓഡിറ്റർ
കുമാരി ദേവിക പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി കെ.പി. ഷീബ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.യു.കെ.രാജൻ	സെക്രട്ടറി	01-04-2024	19-09-2024
ശ്രീമതി. അഞ്ജലി എസ്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-09-2024	22-09-2024
ശ്രീ.നിഷാന്ത് ആർ.	സെക്രട്ടറി	23-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷരീഫ എം.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	07-09-2024
ശ്രീമതി. അഞ്ജലി എസ്.	അസിസ്റ്റന്റ് സെക്രട്ടറി	18-09-2024	31-03-2025
ശ്രീമതി അശ്വതി കെ.ടി.	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ	01-04-2024	17-06-2024

	ചാർജ് (ഓവർസിയർ ഗ്രേഡ് 2)		
ശ്രീ.ഷാഹുൽ ഹമീദ് എ.എം.	അസിസ്റ്റന്റ് എഞ്ചിനീയർ	18-06-2024	16-10-2024
ശ്രീമതി രമ്യ എൻ. കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	17-10-2024	21-10-2024
ശ്രീമതി ഐശ്വര്യ പി.	അസിസ്റ്റന്റ് എഞ്ചിനീയർ	22-10-2024	31-03-2025
ശ്രീമതി ആദിത്യ എം	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. അംബിക രാജൻ നമ്പ്യാർ	വെറ്ററിനറി സർജൻ	01-04-2024	22-07-2024
ഡോ.റീന കെ കെ	വെറ്ററിനറി സർജൻ	23-07-2024	23-09-2024
ഡോ.രാധിക പി.	വെറ്ററിനറി സർജൻ	24-09-2024	31-03-2025
ശ്രീമതി ഭവിത കെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-പടിഞ്ഞാറ്റുമുറി സർക്കിൾ	01-04-2024	31-03-2025
ശ്രീ. വിജീഷ് വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- മക്കട സർക്കിൾ	01-04-2024	31-03-2025
ശ്രീമതി അമിത എം.കേളപ്പൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.ദിവ്യ പി.കെ.	മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി	01-04-2024	29-07-2024
ഡോ.ജിനീബ് പി എം കെ	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി	30-07-2024	31-03-2025
ഡോ.ജുമാന എം. എ.	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2024	31-03-2025
ശ്രീമതി സനില പി.	ഹെഡ് മിസ്ട്രസ്സ്	01-04-2024	19-06-2024

ശ്രീ. അബ്ദുൾ ഖാദർ യു.പി.	ഹെഡ് മാസ്റ്റർ	20-06-2024	31-03-2025
ശ്രീമതി അസീന സി.കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി വിജുല കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല	1-1-2
4	Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-1-3
5	ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും പാസ്സ് ബുക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുത്തിയില്ല.	1-1-4
6	ബാലൻഷീറ്റ് ബി -4 പ്രകാരമുള്ള ബാധ്യതാ തുകയും ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.	1-1-5
7	ഇ-ടെണ്ടർ ഫീ പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.	1-1-6
8	അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	ക്യാഷ് ബാലൻസ് പരിശോധന	1-6
14	വസ്തു നികുതി പരിഷ്കരണം- ജി ഐ എസ് മാപ്പിംഗ് പൂർത്തിയായില്ല	1-7
15	ശാന്തിസ്ഥലി വാതകശ്മശാനത്തിന്റെ പ്രവർത്തനം- അപാകങ്ങൾ	1-8
16	മരാമത്ത് പ്രവൃത്തികൾ - തുക വകയിരുത്തിയതിന്റെ പകുതി പോലും ചെലവില്ല	1-9
17	ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് അനുവദനീയമായ നിരക്കിലും അധികം ഓണറേറിയം നൽകി .	1-10
18	പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ ഇനം ഉൾപ്പെടുത്തി .	1-11
19	ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-12
20	ലൈഫ് ഭവന നിർമ്മാണം- പുരോഗതി വിവരം ലഭ്യമല്ല.	1-13
21	മരുന്ന് ലഭ്യമായില്ല.	1-14
22	തേനീച്ച വളർത്തൽ- പ്രോജക്റ്റ് രേഖകൾ ലഭ്യമായില്ല	1-15

23	മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത മരുന്ന് വാങ്ങൽ പദ്ധതികൾ- മരുന്ന് ലഭ്യമായില്ല	1-16
24	ഹെൽത്തി ബേബി ഷോ പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-17
25	നാപ്കിൻ വെൻഡിംഗ് മെഷീൻ ഇൻസിനറേറ്റർ മെയിന്റനൻസ് - നിലവിൽ പ്രവർത്തന ക്ഷമമല്ല .	1-18
26	മെൻസ്ട്രുവൽ കപ്പ്- വിതരണ രേഖകൾ പൂർണ്ണമല്ല	1-19
27	സോളാർ പാനൽ പദ്ധതിയ്ക്കായി അഡ്വാൻസ് -തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല.	1-20
28	എക്സ്പയറി തീയതി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിക്കുന്നു.	1-21
29	ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ സന്നദ്ധരല്ലാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി	1-22
30	ലോമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ - സൂപ്പർ വിഷൻ ചാർജ് അധികം നൽകി സ്ഥാപനത്തിന് അധിക തുക നൽകി	1-23
31	കുടിവെള്ള വിതരണം - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചത് വഴി അധിക തുക ചെലവഴിച്ചു	1-24
32	തെരുവ് വിളക്ക് സ്ഥാപിക്കൽ - കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല – മറ്റ് അപാകതകൾ	1-25
33	സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി - വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.	1-26
34	അഡ്വാൻസ് തിരികെ ലഭിച്ചില്ല	1-27
35	ജൽജീവൻ പദ്ധതി പൂർത്തിയായില്ല	1-28
36	ആരോഗ്യമേഖല ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-29
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ - സൂപ്പർവിഷൻ ചാർജ് അധികം നൽകി /സ്ഥാപനത്തിന് അധിക തുക നൽകി	3-1
	ഭാഗം 4	
1	മെഡിസെപ് റിക്കവറിയും അടവാക്കലും	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4

5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2025 തീയതിയിലെ 136/25 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 5.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ചുള്ള അക്കൗണ്ട് കുറിപ്പുകൾ, അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase/(Decrease) In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ 1,60,99,552 /- രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 12,63,24,245/- രൂപയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

SBI E-Payment അക്കൌണ്ടിന്റെ(67393397501) 31.3.2025 ലെ ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുക (6615/-രൂപ) ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .

1-1-4 ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും പാസ്സ് ബുക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുത്തിയില്ല.

KSCB Distress Relief (735) അക്കൌണ്ടിന്റെ ബാങ്ക് റീക്കൺസീലിയേഷൻ പത്രികയിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും 31.3.25 ലെ പാസ്സ് ബുക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.ബാങ്ക് റീക്കൺസീലിയേഷൻ പത്രികയിലെ പാസ് ബുക്ക് ബാലൻസ് 33,471/- എന്നാണ് .എന്നാൽ പ്രസ്തുത അക്കൌണ്ടിൽ 31.3.2025 ലെ ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 34,139/- രൂപയാണ് .വ്യത്യാസത്തിന്റെ റീക്കൺസീലിയേഷൻ പത്രികയിൽ വിശദീകരിച്ചിട്ടില്ല.

1-1-5 ബാലൻഷീറ്റ് ബി -4 പ്രകാരമുള്ള ബാധ്യതാ തുകയും ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാലൻഷീറ്റ് ബി -4 പ്രകാരമുള്ള ബാധ്യതാ തുകയും 2,47,85,942/-(9772221(ബേസിക് ഗ്രാന്റ്)+15013721(ടൈഡ്)) രൂപ ബി -17 പ്രകാരമുള്ള തുകയും 2,47,97,592/- തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 ഇ-ടെണ്ടർ ഫീ പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട് ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും 31.10.2024 ന് 1,25,146/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.എന്നാൽ 31.3.2025 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്.ബി.ഐ അക്കൌണ്ടിൽ (37124261313) ഇ-ടെണ്ടർ ഫീ ഉൾപ്പെടെയുള്ള തുക (1,13,317/- രൂപ) നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഇതിൽ ഉൾപ്പെട്ട ടെണ്ടർ ഫീ പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1-1-7 അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി-17 ൽ 450210102 ഹെഡിൽ Other Co-Operative Bank(563) എന്ന അക്കൌണ്ടിൽ 0.77 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 09.02.2024 തീയതിയിലെ 38/24-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 5.03.2025 തീയതിയിലെ 63/25-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

	പ്രതീക്ഷിച്ചത്	പരിഷ്കരിച്ചത്
മുന്നിരിപ്പ്	43634700	43408497
വരവ്	316093348	314972939
ആകെ	359728048	358381436
ചെലവ്	327290218	321273111
നീക്കിയിരിപ്പ്	32437830	37108325

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	6,57,37,124.57
വരവ്	97480148
ആകെ	16,32,17,272.57
ചെലവ്	8,13,80,596
നീക്കിയിരിപ്പ്	8,18,36,676.57

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക

വികസന ഫണ്ട്-ജനറൽ	0	24230000	24230000	22370391	1859609
വികസന ഫണ്ട്-എസ്.സി.പി	0	9376000	9376000	9376000	0
മെയിന്റനൻസ്, റോഡ്	0	37505000	37505000	18495664	19009336
മെയിന്റനൻസ്, നോൺ-റോഡ്	0	6655000	6655000	5508827	1146173
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ-ടൈഡ് (ട്രഷറി മുഖേന)	0	0	0	0	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ-ടൈഡ് (പി.എഫ്.എം.എസ് മുഖേന)	7906973	4679539	12586512	2814291	9772221
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് (ട്രഷറി മുഖേന)	0	0	0	0	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(പി.എഫ്.എം.എസ് മുഖേന)	7930818	9360000	17290818	1653900	15636918

കുറിപ്പ്: ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്ക് ബി-4 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
351	226774936	223	93530469	128	64%

1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2025 തീയതിയിൽ 2.30PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2766/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 വസ്തു നികുതി പരിഷ്കരണം- ജി ഐ എസ് മാപ്പിംഗ് പൂർത്തിയായില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമ പഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിലെ നിർദേശാനുസരണവും സ.ഉ.(സാധാ)നം.2556/2018/തസ്വഭവ തീയതി 04.10.2018 ഉത്തരവ് അടിസ്ഥാനപ്പെടുത്തിയും 13.03.24 ന് ULCCS യുമായി കരാർ വെച്ചുകൊണ്ടുള്ള GIS മാപ്പിംഗ് പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്നു. 2024-25 വർഷം ആകെ 1610983/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ആകെ 21 വാർഡുകളിൽ 12 വാർഡുകളിലെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 1/25.11.2025 ന് മറുപടി നൽകി. ജി ഐ എസ് മാപ്പിംഗ് പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ബാക്കി 9 വാർഡുകളിലെ വിവരശേഖരണവും ഡാറ്റാ എൻട്രി നടപടികളും പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരണം പൂർണമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

1-8 ശാന്തിസ്ഥലി വാതകശ്മശാനത്തിന്റെ പ്രവർത്തനം- അപാകങ്ങൾ

കക്കോടി ഗ്രാമപഞ്ചായത്തിലെ ശാന്തിസ്ഥലി വാതകശ്മശാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച കരട് ബൈലോ പ്രകാരം ശ്മശാനം നടത്തിപ്പുകാരന് ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് 4000/- രൂപ ഈടാക്കാവുന്നതാണ്(ഭരണസമിതി തീരുമാനപ്രകാരം ഇളവ് അനുവദിക്കാവുന്നതാണ്). മൂന്നുപേർ താൽപര്യപത്രം സമർപ്പിച്ചതിൽ കൂടുതൽ തുകയായ 650/- രൂപ പഞ്ചായത്തിൽ അടവാക്കുന്നതിന് തയ്യാറായ ശ്രീ.കൃഷ്ണദാസ്. ടി.ആർ എന്ന വ്യക്തിക്ക് 2024 നവംബർ 1 മുതൽ 2026 മാർച്ച് 31 വരെ നടത്തിപ്പവകാശം നൽകിയിട്ടുണ്ട്. കരട് ബൈലോ പ്രകാരം ഫീസ് വാങ്ങുന്നതിന് രസീത് നൽകേണ്ടതാണ്. 01.11.24 ലെ ഭരണസമിതി യോഗം ശ്മശാനത്തിന്റെ നടത്തിപ്പ്, പണമിടപാട് മേൽനോട്ടത്തിനായി ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും പഞ്ചായത്ത് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് 3 മാസത്തിലൊരിക്കൽ നിർബന്ധമായും ശ്മശാനത്തിൽ വെച്ച് യോഗം ചേരേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ശ്മശാനം നടത്തിപ്പ്, വരവ് സംബന്ധിച്ച അപാകങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 3/28.12.25 ന് നൽകിയ മറുപടിയുടെ കൂടി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1. പരിശോധനക്ക് ലഭ്യമാക്കിയ രസീത് ബുക്ക്, രജിസ്റ്റർ എന്നിവ പ്രകാരം 2024-25 വർഷം (03-11-2024 മുതൽ 27.03.25 വരെ രസീത് നം 1 മുതൽ 68 വരെ) 270000/- രൂപയാണ് നടത്തിപ്പുകാരൻ ഈടാക്കിയത്. എന്നാൽ ഇതിൽ പഞ്ചായത്തിൽ അടയ്ക്കേണ്ട വിഹിതമായ 43875/- രൂപ 31.03.25 വരെയും പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. പകരം 24.04.25 (രസീത് നമ്പർ 78) വരെയുള്ള ആകെ ഫീസ് വിഹിതമായ 50700/- രൂപ 19.06.25 നാണ് പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുള്ളത്. കൂടാതെ ഓഡിറ്റ് തീയതി വരെ പിരിച്ചെടുത്ത തുകയിലെ പഞ്ചായത്ത് വിഹിതം (31850/- രൂപ) ഓഡിറ്റ് തീയതി വരെയും പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല. അതതുമാസം തന്നെ കൃത്യമായി പണമടയ്ക്കുന്നതിന് കരാറുകാരന് നിർദേശം നൽകിയിട്ടുണ്ടെന്നും അടവാക്കാൻ ബാക്കിയുള്ള തുക എത്രയും വേഗം അടവാക്കിയില്ലെങ്കിൽ റിക്കവറി നടപടികൾ

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് 07.11.2025 ന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ശ്മശാനം നടത്തിപ്പ് സംബന്ധിച്ച കരട് ബൈലോ അംഗീകരിക്കപ്പെട്ടിട്ടില്ല. ഫീസ് വിഹിതം പഞ്ചായത്തിൽ കൃത്യസമയത്ത്, മാസത്തിലൊരിക്കലെങ്കിലും അടവാക്കേണ്ടതാണെന്ന നിർദേശം ബൈലോയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച കൃത്യമായ വിവരം ഉൾകൊള്ളിച്ചുകൊണ്ട് ബൈലോ പരിഷ്കരിക്കാവുന്നതാണ്.

3. ബൈലോ അനുശാസിക്കും പ്രകാരം പഞ്ചായത്ത് മാനേജ്മെന്റ് കമ്മിറ്റി 3 മാസത്തിലൊരിക്കൽ ശ്മശാനത്തിൽ വെച്ച് യോഗം ചേർന്നിട്ടില്ല. ശ്മശാനം മാനേജ്മെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം 2 യോഗങ്ങളാണ് 17.06.25, 06.11.25 തീയതികളിലായി നടന്നിട്ടുള്ളത്. മറ്റു വിവരങ്ങൾ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയാണുണ്ടായതെന്നും മൂന്നുമാസത്തിലൊരിക്കൽ യോഗം ചേർന്ന് മിനിറ്റ്സ് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ശ്മശാനത്തിൽ വെച്ച് കൃത്യമായി യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ശ്മശാനം സംബന്ധിച്ച പ്രോട്ടോക്കോൾ, ശുചിത്വ പ്രോട്ടോകോൾ തുടങ്ങിയ പാലിക്കുന്നുണ്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്

<u>1-9 മരാമത്ത് പ്രവൃത്തികൾ - തുക വകയിരുത്തിയതിന്റെ പകുതി പോലും ചെലവില്ല</u>

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണത്തിനായി തയ്യാറാക്കിയത് 176 പ്രോജക്ടുകളാണ്. 89506086/-രൂപയുടെ പദ്ധതികൾ വകയിരുത്തിയതിൽ 33065541 /-രൂപയാണ് തൻവർഷം ചെലവഴിച്ചത് . ആകെ 176 പദ്ധതികൾ തയ്യാറാക്കിയതിൽ 80 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത് 96 എണ്ണത്തിൽ യാതൊരു ചെലവുമുണ്ടായിട്ടില്ല. ചെലവില്ലാത്തതിൽ 27സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുന്നു.

തൻവർഷം തയ്യാറാക്കിയ 78 പുതിയ പദ്ധതികളിൽ 9 പദ്ധതികൾക്ക് മാത്രമാണ് ചെലവുണ്ടായിട്ടുള്ളത് ആകെ വകയിരുത്തിയ ഫണ്ടിന്റെ പകുതി പോലും ചെലവില്ല.

89506086/-രൂപയുടെ അടങ്കലിൽ ഉൾപ്പെട്ട ഫണ്ടുകളുടേയും ഓരോ ഇനം ഫണ്ടിൽ നിന്നും ഉണ്ടായ ചെലവിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു . (ഐ.കെ.എം ചെലവു പത്രിക പ്രകാരം)

ഫണ്ട് ഇനം	വകയിരുത്തിയത്	ചെലവ്
വികസന ഫണ്ട് പൊതു വിഭാഗം	4209226	1535645
വികസന ഫണ്ട് എസ്.സി.പി	2199110	1398314
ധനകാര്യ കമ്മീഷൻ അവാർഡ്	13057377	2919210
കേന്ദ്രാവിഷ്കൃത ഫണ്ട്	3420000	88829
തനതുഫണ്ട്	11118050	4034471
മെയിന്റനൻസ് ഗ്രാന്റ് റോഡ്	44110852	18495664
മെയിന്റനൻസ് ഗ്രാന്റ് റോഡിതരം	4238635	2406565

മറ്റുള്ളവ	3576000	1256155
ബ്ലോക്ക് പഞ്ചായത്ത്	2076836	930688
ജില്ലാ പഞ്ചായത്ത്	1500000	0
ആകെ	89506086/	33065541

<u>പുതിയ പദ്ധതികൾ</u>

തൻവർഷം നടപ്പാക്കുന്നതിനായി രൂപീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം	തൻവർഷം നടപ്പാക്കിയ പുതിയ പദ്ധതികളുടെ എണ്ണം	നടപ്പാക്കാത്തവയുടെ എണ്ണം
78	9	69

<u>സ്പിൽ ഓവർ പദ്ധതികൾ</u>

തൻവർഷം നടപ്പാക്കുന്നതിനായി രൂപീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം	തൻവർഷം നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം	നടപ്പാക്കാത്തവയുടെ എണ്ണം
98	71	27

പ്രൊജക്ടുകൾ സമയബന്ധിതമായി നിർവ്വഹിക്കാത്തതുമൂലം കൂടുതൽ ഫണ്ട് നഷ്ടമായത് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നുമാണ് . നിർമ്മാണ പ്രവൃത്തികൾ നടക്കാത്തതു മൂലമാണ് 1,90,09,336/- രൂപയുടെ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് നഷ്ടപ്പെടാനിടയായത് . മെയിന്റനൻസ് ഫണ്ടിന്റെ രണ്ടാംഗഡു 8 ാം മാസവും മൂന്നാം ഗഡു 11 ാം മാസവും ലഭ്യമായിട്ടുണ്ടെങ്കിലും രണ്ടാംഗഡു ആയി ലഭിച്ച അലോട്ട്മെന്റ് തുക തന്നെ മുഴുവനായി വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല .

സംരക്ഷണ ഗ്രാന്റ് റോഡിനത്തിൽ അലോട്ട്മെന്റ് ആയി ലഭിച്ച 3,75,05,000രൂപയിൽ 1,84,95,664രൂപ മാത്രമാണ് ചെലവഴിച്ചത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഈയിനത്തിൽ ലഭിച്ച 1,90,09,336രൂപയും നോൺറോഡിനത്തിൽ ലഭിച്ച 11,46,173/- രൂപയും തൻവർഷം നഷ്ടപ്പെടാനിടയായിട്ടുണ്ട്.

തൻവർഷം നടപ്പാക്കാൻ സാധിക്കാത്ത പദ്ധതികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തുക വഴി അതാതു വർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമാവുന്ന ലക്ഷക്കണക്കിനു രൂപ ഇതുമൂലം വരുംവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കുമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട് . പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് .

പ്രോജക്ടുകളുടെ ബാഹുല്യം കുറയ്ക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശ ഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസനതന്ത്രവും സമീപനവുമാണ് സ്വീകരിക്കേണ്ടത് എന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല .

പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് സുലേഖ സോഫ്റ്റ്വെയറിൽ പ്രോജക്ടുകളുടെ സുപ്രധാന വിവരങ്ങൾ പ്രതിപാദിക്കുന്ന പ്രോജക്ട് സംഗ്രഹം , പ്രോജക്ട് നമ്പർ ,പേര് ,വിഭാഗം വികസന മേഖല

,വിഭവ ശ്രോതസ്സ് , ഭൗതീക ലക്ഷ്യങ്ങൾ പ്രോജക്ടിന്റെ പ്രത്യേക സവിശേഷതകൾ എന്നിവ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ് . ഇതു കൂടാതെ നിർമ്മാണ പ്രവർത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതു മുതൽ പൂർത്തീകരണ ഘട്ടം വരെയുള്ള വിവിധ ഘട്ടങ്ങളും പൂർത്തീകരിക്കേണ്ടതുമാണ് .

ആയതുകൊണ്ട് പ്രോജക്ടുകളുടെ എണ്ണത്തിലുള്ള ബാഹുല്യം കുറയ്ക്കാത്തതിനും ചെലവ് ശതമാനം കുറഞ്ഞതിനാൽ മെയിന്റനൻസ് ഫണ്ട് നഷ്ടപ്പെടാനിടയായതിനും വിശദീകരണം നല്കേണ്ടതാണ് .

1-10 ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് അനുവദനീയമായ നിരക്കിലും അധികം ഓണറേറിയം നൽകി .

19.4.22 ലെ സ.ഉ.(കൈ) നം.84/2022/LSGD , ഖ 3.8.4 ൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് .ആയതു പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതി രൂപീകരിച്ച ടെക്നിക്കൽ കമ്മറ്റിയാണ് . പ്രസ്തുത കമ്മറ്റിയുടെ സേവനത്തിന് സർക്കാർ ഒരു നിശ്ചിത നിരക്കിൽ പ്രതിഫലവും നിശ്ചയിച്ചിട്ടുണ്ട് ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

I.ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ .5% , കുറഞ്ഞത് 1000 രൂപ

Ii.ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും മേൽ നോട്ടത്തിനും അളവുകൾ രേഖപ്പെടുത്തുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനുമായി എസ്റ്റിമേറ്റിന്റെ 1.5% , കുറഞ്ഞത് 2000രൂപ

Iii.ചെക്ക് മെഷർ നടത്തുന്നതിന് എസ്റ്റിമേറ്റിന്റെ 0.5%, കുറഞ്ഞത് 1000 രൂപയുമാണ് ഓണറേറിയമായി അനുവദിക്കാവുന്നതാണ്.

എന്നാൽ സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ അധികമായി ഓണറേറിയം അനുവദിച്ചതിനുള്ള ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു .

എസ്റ്റിമേറ്റ് നം EST/100177/23_6_1_1

പ്രോജക്ട് നം, പ്രോജക്ട്	എസ്റ്റിമേറ്റ് തുക	ഉദ്ദേശം	അനുവദനീയമായ തുക	അനുവദിച്ച തുക
ഗ്രാമകേന്ദ്രം ഇലക്ട്രിഫിക്കേഷൻ	163431/-	എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്	1000	1000
		മേൽ നോട്ടത്തിനും അളവുകൾ രേഖപ്പെടുത്തുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനുമായി	2451	3000
		ചെക്ക് മെഷർ നടത്തുന്നതിന്	1000	1000

സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ അധികമായി ഓണറേറിയം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം 8 തീയതി 01.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല . തുടർ വർഷങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഓണറേറിയം നൽകുമ്പോൾ അനുവദനീയമായ നിരക്കിൽ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ് .

1-11 പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ ഇനം ഉൾപ്പെടുത്തി .

തൻവർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഏതാനും പ്രവൃത്തികളിൽ പഴയ നിർമ്മിതിയുടെ പെയിന്റിംഗിന് പുതിയ ഇനം ഉൾപ്പെടുത്തിയതായി

കാണുന്നു . ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

പ്രോജക്ട് നം	So 281/ 24-25 , ഗ്രാമ കേന്ദ്രം പെയിന്റിംഗ്	പ്രോജക്ട്നം - 283/ 24-25 , ഹോമിയോ ഡിസ്പെൻസറി പെയിന്റിംഗ്
റോഡിതരം സംരക്ഷണ ഗ്രാന്റ്	100000/-	98,880/-
തനതുഫണ്ട്	100000/-	0
ചെലവ് തുക	82838/-	98,880/-
ബിൽനം ,തുക	640/12.2.25- 82838/-	277/19.07.24- 98880/-
എസ്റ്റിമേറ്റ് നം	EST/97354/2023_5_1_1	EST 4463423_5_1_1

മേൽ സൂചിപ്പിച്ച ഗ്രാമ കേന്ദ്രം പെയിന്റിംഗ് പ്രോജക്ടിന്റെ ഭാഗമായി ചാലിക്കര ഗ്രാമകേന്ദ്രം, മോരിക്കര ഗ്രാമകേന്ദ്രം,കിഴക്കേടത്ത് ഗ്രാമകേന്ദ്രം, മക്കട വെസ്റ്റ് ഗ്രാമകേന്ദ്രം മണ്ണന്തല ഗ്രാമകേന്ദ്രം എന്നിവയുടെ പെയിന്റിംഗും , ക്രമ നം 2 പ്രോജക്ട് പ്രകാരം നിർവ്വഹിച്ച ഹോമിയോ ഡിസ്പെൻസറി പെയിന്റിംഗിന്റേയും ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ ചുമർ പെയിന്റിംഗിനായി ഉപയോഗപ്പെടുത്തിയത് 13.60.1 ഇനം ആണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതലോ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്.

DAR ലെ അദ്ധ്യായം 14 പ്രകാരം റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട പെയിന്റ് ഐറ്റം 14.53.1 ആണ്. താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന (Sqm -ന് 71.61/-) ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് പ്രസ്തുത ഇനത്തിൽ അധിക ചെലവ് വന്നിട്ടുണ്ട്. അധിക ചെലവിനിടയാക്കുന്ന ഐറ്റം തെരെഞ്ഞെടുത്തതിന് വിശദീകരണം നൽകേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 11 തീയതി 01.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല .മറുപടി ലഭ്യമാക്കേണ്ടതാണ് .

1-12 ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2012 ലെ PWD മാന്വൽ സെക്ഷൻ 2009.1 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭിച്ച എല്ലാ ടെണ്ടറുകളും അനുബന്ധം 2009B യിൽ നൽകിയിരിക്കുന്ന ഫോമിൽ ടെണ്ടറുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കരാർ തീർപ്പാക്കുന്നതു വരെ അവയുടെ തീർപ്പാക്കൽ നിരീക്ഷിക്കുകയും വേണ്ടതാണ് .

എന്നാൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ്എൻക്വയറി നം.12 /2024-25 തീയതി 01.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല .ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-13 ലൈഫ് ഭവന നിർമ്മാണം- പുരോഗതി വിവരം ലഭ്യമല്ല.

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 2022-23 സാമ്പത്തിക വർഷം കരാർ ചമച്ച് ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ നാളിതു വരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലായെന്ന് പദ്ധതി ധനസഹായ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	ഗഡു/തുക/കൈപ്പറ്റിയ തീയതി
1	സൂര്യ. പി, പാടികയിൽ	ഒന്നാം ഗഡു, 40000/-, 08.3.23
2	ലക്ഷ്മി.കെ.കെ, പിലാത്തോട്ടത്തിൽ	ഒന്നാം ഗഡു, 40000/-, 06.5.23

ഭവന നിർമ്മാണം ആരംഭിക്കാത്ത/ പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/24-25 തീയതി 01.12.25) മറുപടി ലഭ്യമായിട്ടില്ല.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-14 മരുന്ന് ലഭ്യമായില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ, എന്ന പദ്ധതിക്കായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	S0017 /25
പ്രോജക്ട്	ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ഇൻവോയ്സ് നമ്പർ	പി.എഫ് -941 / തീയതി 23.12.2024
ചെലവ്	ബിൽ തുക: 2,00,000/- ട്രഷറി ബിൽ നമ്പർ: 573/14.01.25

ടി തുക പൂർണ്ണമായും ഹോംകൊ, ആലപ്പുഴ എന്ന സ്ഥാപനത്തിന് അക്കൌണ്ട് ട്രാൻഫർ വഴി നൽകിയിട്ടുള്ളതാണ്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് മറുപടി നല്കേണ്ടതും

അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ ചെലവ് തുകയായ 2,00,000/ രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-15 തേനീച്ച വളർത്തൽ- പ്രോജക്റ്റ് രേഖകൾ ലഭ്യമായില്ല

പദ്ധതി - 161/2024-25, തേനീച്ച വളർത്തൽ

അടങ്കൽ- 3500/-

ചെലവ്- 1750/- വികസന ഫണ്ട്+ 1750/- ഗുണഭോക്തൃ വിഹിതം

ബിൽ നം. 792/18.03.25, 1750/-

891/26.03.25,1750/-

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.161/125 പ്രകാരം തേനീച്ച വളർത്തലിനായി 50% സബ്സിഡിയിൽ ഒരു യൂണിറ്റിന് 1750 രൂപ നിരക്കിൽ 2 യൂണിറ്റുകൾ നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം 2 യൂണിറ്റുകൾക്കായി ₹3500/-രൂപ 'ഹോർട്ടി കോർപ്പ് -മാവേലിക്കര' എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തേനീച്ചക്കൂട്ടുകൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ടോ എന്നതും ആനുകൂല്യം നല്കിയ ഗുണഭോക്താവിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതും വിതരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-16 മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത മരുന്ന് വാങ്ങൽ പദ്ധതികൾ- മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം ചെയ്ത വിവിധ പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെ പറയുന്ന ബില്ലുകളിൽ ക്രമ നം 1 പ്രകാരവും, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിന് ക്രമ നം.2 പ്രകാരവും കോഹിനൂർ സർജിക്കൽസ് എന്ന സ്ഥാപനത്തിന് ക്രമ നം.3 പ്രകാരവും തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നും/സാധനങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	പ്രോജക്റ്റ് നമ്പർ	അടങ്കൽ തുക	ചെലവ് തുക	ബിൽ നമ്പർ/ തീയതി (ഇൻവോയിസ് തുക ,ഫണ്ട്)	മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നത്(തുക)
1	പെയിൻ & പാലിയേറ്റീവ്	53/24-25	860000	781669	497,21/12/24 PRF 1021 81398/- (വികസന ഫണ്ട് (ജനറൽ))	29125.67
2	എഫ്.എച്ച്.സി മരുന്ന് വാങ്ങൽ	73/24-25	1000000	999962	746,12/3/25 41826/-	6100

					746,12/3/25 51632/-	11000
3	ഹെൽത്ത്& വെൽനസ്സ്	392/24-25	805000	264284	810,20/3/25 27630/- (ഹെൽത്ത് ഗ്രാന്റ്)	2640+2250= 4890 (ബാറ്ററി, ബാറ്ററി ചാർജർ)
						51116

മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയെങ്കിലും 51116 /- രൂപയുടെ മരുന്നുകൾ /സാധനങ്ങൾ ലഭിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(18/24-25 തീയതി 1.12.25) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ 51116/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു .

1-17 ഹെൽത്തി ബേബി ഷോ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട്	157/25
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ
വകയിരുത്തിയ ഫണ്ട്	50000 ,ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	50000,ധനകാര്യ കമ്മീഷൻ അവാർഡ്
ബിൽ നം	തുക
628 , 10.2.25	50000/-
ആകെ	50000/-

ഗ്രാമപഞ്ചായത്തിലെ അങ്കണവാടി ഗുണഭോക്താക്കളായ 6മാസം മുതൽ 3വയസ്സുവരെ ഉള്ളതും 3വയസ്സ മുതൽ 6 വയസ്സ വരെയുള്ളതുമായ കുട്ടികൾക്കായി " ഹെൽത്തി ബേബി ഷോ " നടത്തുന്നതിനാണ് പദ്ധതി . മേൽ പറഞ്ഞ രണ്ടു കാറ്റഗറിക്കും പ്രത്യേക മത്സരം നടത്തുന്നതിനോടൊപ്പം ലഘു ഭക്ഷണം, പരിപാടിയുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ , വിജയികളായ കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം എന്നിവയ്ക്കുള്ള ചെലവിനാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് .ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് .

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

ഇനം	തുക
ഭക്ഷണ ചെലവ്	19552/-
ഓഡിറ്റോറിയം വാടക	20000/-
ബാനർ,ബാഡ്ജ്,സ്റ്റിക്കർ	2500/-
ട്രോഫികൾക്ക്	7948/-
ആകെ	50000/-

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

അങ്കണവാടി കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകരമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്താവുന്നതും വിജയികളാവുന്നവർക്ക് സമ്മാനവും പങ്കെടുക്കുന്നവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതിനും കുട്ടികളേയും അദ്ധ്യാപകരേയും രക്ഷിതാക്കളേയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കുട്ടിച്ചേരലാക്കി മാറ്റാൻ കഴിയുന്നതിനുമായി മാർഗ്ഗ രേഖയിൽ (സ.ഉ.കൈ.നം 115/22/LSGD തി 28.5.22 , ഖ 7.5.1) നിർദ്ദേശിച്ചതു പ്രകാരം അങ്കണവാടി കുട്ടികളുടെ കലാ കായിക മത്സരങ്ങൾ നടത്താവുന്നതാണ് .ഇതിനായി പരമാവധി 15000/-രൂപ ചെലവഴിക്കാവുന്നതുമാണ് .

മേൽ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പ്രോജക്ട് നം 40 പ്രകാരം അങ്കണവാടി കലോത്സവത്തിനായി 14985/-രൂപ ചെലവഴിച്ചിട്ടുണ്ട് .ഇതിനു പുറമേയാണ് 50000/-രൂപ " ഹെൽത്തി ബേബി ഷോ " എന്ന പദ്ധതിയ്ക്കായി ചെലവഴിച്ചത് .

പദ്ധതിയിൽ ഉൾപ്പെടുന്ന രണ്ടു വിഭാഗം കുട്ടികളിലെ ഒരു വിഭാഗമായ 6മാസം മുതൽ 3വയസ്സുവരെ ഉള്ള കുട്ടികൾക്കായി പ്രത്യേക മത്സരം നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ല എന്നുള്ളത് പരിഗണിക്കാതെയാണ് ഹെൽത്തി ബേബി ഷോ എന്ന പദ്ധതി നടപ്പിലാക്കിയത് .

രണ്ടാമത്തെ വിഭാഗമായ 3 വയസ്സു മുതൽ 6 വയസ്സു വരെയുള്ള അങ്കണവാടി കുട്ടികൾക്കായി അങ്കണവാടി കലോത്സവത്തിനായി സർക്കാർ നിശ്ചയിച്ച പരിധി പ്രകാരമുള്ള തുക ചെലവഴിച്ചതിനു പുറമേയാണ് ഈ പദ്ധതി നടപ്പിലാക്കിയത് .

പദ്ധതി മാർഗ്ഗരേഖയിൽ 6മാസം മുതൽ 3വയസ്സുവരെ ഉള്ള കുട്ടികൾക്കായി പ്രത്യേക മത്സരം നടത്തുന്നതിന് അനുമതി ഇല്ലാതിരുന്നിട്ടും തുക ചെലവഴിച്ചതിനും അങ്കണവാടി കലോത്സവത്തിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്ക് അതേ ഉദ്ദേശത്തിനായി തന്നെ വീണ്ടും തുക ചെലവഴിച്ചതിനും വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി നം. 9/2024-25 തീയതി 01.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല .വിശദീകരണം നൽകേണ്ടതാണ് .

1-18 നാപ്കിൻ വെൻഡിംഗ് മെഷീൻ ഇൻസിനറേറ്റർ മെയിന്റനൻസ് - നിലവിൽ പ്രവർത്തന ക്ഷമമല്ല .

പ്രോജക്ട്	207/25
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ
വകയിരുത്തിയ ഫണ്ട്	75000 ,വികസന ഫണ്ട് പൊതു വിഭാഗം
ചെലവ്	20000,വികസന ഫണ്ട് പൊതു വിഭാഗം
ബിൽ നം	തുക
849 , 22.3.25	20000/-
ആകെ	20000/-

ഗ്രാമപഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും പ്രവർത്തന രഹിതമായ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും പ്രവർത്തന സജ്ജമാക്കുന്നതിനാണ് പദ്ധതി .

നാപ്കിൻ വെൻഡിംഗ് മെഷീൻ , ഇൻസിനറേറ്റർ എന്നിവയുടെ Maintenace നായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനം മുഖേനയാണ് പദ്ധതി നിർവ്വഹിച്ചത് .

2021-22 വർഷം പ്രോജക്ട് നമ്പർ 200 പ്രകാരം 191790/- രൂപ ചെലവഴിച്ച് വാങ്ങിയ 10 നാപ്കിൻ വെൻഡിംഗ് മെഷീനിലേയും 11 ഇൻസിനറേറ്ററിലേയും കേടായ 2 ഇൻസിനറേറ്ററുകളും 1 വെൻഡിംഗ് മെഷീനുമാണ് മേൽ പദ്ധതി പ്രകാരം നന്നാക്കിയത് .ഇവയിൽ 2 ഇൻസിനറേറ്ററുകൾ ബദിരൂർ സ്കൂൾ , പടിഞ്ഞാറ്റുംമുറി സ്കൂൾ എന്നിവിടങ്ങളിലുള്ളതും 1 വെൻഡിംഗ് മെഷീൻ ഗ്രാമപഞ്ചായത്തിലുള്ളതുമാണ് . ശേഷിക്കുന്നവ പ്രവർത്തനസജ്ജമാണോ എന്നറിയില്ല .

നാപ്കിൻ വെൻഡിംഗ് മെഷീനും നാപ്കിൻ ബേർണിംഗ് മെഷീനുകളും സ്കൂളുകളിൽ സ്ഥാപിക്കുമ്പോൾ അവയുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.റ്റി.എ യുമായി കരാർ വെക്കേണ്ടതും മെഷീൻ വാങ്ങുന്ന കമ്പനികളുമായി പി.എം.സി ഉണ്ടായിരിക്കേണ്ടതുമാണ് .തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.റ്റി.എ ഏറ്റെടുക്കേണ്ടതുമാണ് .എന്നാൽ സ്കൂളുകളിൽ മെഷീനുകൾ സ്ഥാപിച്ചപ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം (സ.ഉ.കൈ .നം 115/22/LSGD തി 28.5.22 , ഖ 7.4.6) പി.റ്റി.എ യുമായി കരാർ വെക്കാത്തതിനാലാണ് ഇവയുടെ മെയിന്റനൻസ് ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ടി വന്നത് .

അതാത് സ്കൂളിലെ ഹെഡ്മാസ്റ്ററെ വിളിച്ച് നേരിൽ അന്വേഷിച്ചതിൽ പ്രകാരം 20000/-രൂപ ചെലവഴിച്ച് നന്നാക്കിയതിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിലെ നാപ്കിൻ വെൻഡിംഗ് മെഷീനും ബദിരൂർ സ്കൂളിലെ 1 ഇൻസിനറേറ്ററും നിലവിലും പ്രവർത്തന ക്ഷമമല്ല എന്ന് അറിയുകയുണ്ടായി .തുക ചെലവഴിച്ച് നന്നാക്കിയ മെഷീനിന്റെ പരിപാലനം ഉറപ്പുവരുത്താത്തതിനാലാണ് ആയവ നിലവിലും പ്രവർത്തന ക്ഷമമല്ലാത്തത് .

തുക ചെലവഴിച്ച് നന്നാക്കിയ മെഷീനിന്റെ പരിപാലനം ഉറപ്പുവരുത്താത്തതിനാൽ ആയവ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്തതിനുള്ള വിശദീകരണവും പടിഞ്ഞാറ്റുംമുറി സ്കൂളിലെ മെഷീനിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുന്നതിനും അവയുടെ പരിപാലനത്തിന് കൈക്കൊണ്ട നടപടിയുടെ വിവരവും ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം 10 തി 01.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല .മറുപടി ലഭ്യമാക്കേണ്ടതും മെഷീനുകൾ പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതുമാണ് .

<u>1-19 മെൻസ്ട്രുവൽ കപ്പ്- വിതരണ രേഖകൾ പൂർണ്ണമല്ല</u>

പദ്ധതി നമ്പർ-3/24-25

അടങ്കൽ -50000/-(വികസന ഫണ്ട്(ജനറൽ)

ചെലവ് - 49498/- (ബിൽ നമ്പർ-491/20.12.24)

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം ചെയ്ത മെൻസ്ട്രുവൽ കപ്പ് വിതരണം പദ്ധതിയിൽ 165 മെൻസ്ട്രുവൽ കപ്പ് (22(Small),119(Medium),24(Large)) വാങ്ങുന്നതിനായി എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇൻവോയിസ് നമ്പർ 9423055812 തീയതി 03.01.2025 പ്രകാരമുള്ള 49,498/- രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്ററിൽ 110 പേർക്ക് വിതരണം ചെയ്തതിന്റെ രേഖപ്പെടുത്തൽ മാത്രമാണ് ഉള്ളത്. ബാക്കി 55 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(20/24-25 തീയതി 1.12.25) ന് മറുപടി ലഭ്യമാക്കിയിട്ടില്ല .വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 55 പേർക്ക് വിതരണം ചെയ്തതിന്റെ ചെലവ് തുക (16,500/- രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

1-20 സോളാർ പാനൽ പദ്ധതിയ്ക്കായി അഡ്വാൻസ് -തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം ചെയ്യ പദ്ധതിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 29.11.23 ന് അനർട്ടിന് മെയിന്റനൻസ് ഗ്രാന്റിനത്തിൽ 4,02,000/- രൂപ അഡ്വാൻസായി നൽകിയിരുന്നു. 2024-25 വർഷം സോളാർ പാനൽ സ്ഥാപിച്ചതിൽ അനർട്ടിന്റെ കൈവശം ബാക്കി വന്ന തുക 92478/- രൂപ പടിഞ്ഞാറ്റുമുറി സ്കൂളിൽ സൌരോർജ്ജ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഭരണസമിതി അനുമതി നൽകിയിട്ടുണ്ട്.

പടിഞ്ഞാറ്റുമുറി ജി.യു.പി സ്കൂൾ കെട്ടിടത്തിൽ സൗരോർജ്ജ നിലയം ,സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചതിന്റെ ബാക്കി തുക 23,838/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 24.11.25 ന് 5828396/2025 നമ്പർ കത്ത് അനർട്ടിന് നൽകിയതായി കാണുന്നു. തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(17/24-25 തീയതി 1.12.25) നൽകിയിരുന്നു. എന്നാൽ 1.12.2025 ന് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ മെയിന്റനൻസ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 എക്സ്പയറി തീയതി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിക്കുന്നു.

പ്രൊജക്റ്റ് നമ്പർ	21/25
നിർവ്വഹണം	വെറ്റിനറി സർജൻ
അടങ്കൽ തുക	3,00,000(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)
ചെലവ് തുക	3,00,000
ബിൽ സാങ്ഷൻ നമ്പർ/തീയതി	442/30.11.24

തൻവർഷം വെറ്റിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനുള്ള മേൽ പ്രൊജക്റ്റ് പ്രകാരം 3,00,000/- രൂപ ചെലവഴിച്ച് ബേപ്പൂർ നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നമ്പർ 196/27.11.24) മരുന്നുകളുടെ ഇൻവോയിസും ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ, പ്രസ്തുത ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയതും സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയതുമായ ചുവടെ ചേർക്കുന്ന മരുന്നുകളുടെ Expiry Date കഴിഞ്ഞതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയിസ് പ്രകാരമുള്ള ക്രമ നമ്പർ	അളവ്	Expiry Date	ഇഷ്യൂ ചെയ്ത അവസാന തിയതി	അളവ്	ബാലൻസ്
28	BERNIL 7% RTU 30ML – 10 എണ്ണം	11/25	9/25	3	7
30	DEXTROSE 25% 500ml- 15 എണ്ണം	9/25	3/25	4	11
18,19	UTRO CLEAN UP BOLUS 4'S	11/25	ഇഷ്യൂ ചെയ്തിട്ടില്ല.	25	25

മേൽ പട്ടികയിൽ സൂചിപ്പിച്ച മരുന്നുകൾ നീക്കിയിരിപ്പുള്ളതായി കാണാം. കുറഞ്ഞ കാലാവധി തീയതി ഉള്ള മരുന്നുകൾ സപ്ലൈ ചെയ്യുന്നതുകൊണ്ടാണ് ഇത്തരത്തിൽ മരുന്നുകൾ ഉപയോഗിക്കാൻ കഴിയാതെ വന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 22 /24-25 തീയതി 1.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുമായി ബന്ധപ്പെട്ട് മാറ്റി ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

1-22 ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ സന്നദ്ധരല്ലാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി

പ്രൊജക്ട് നമ്പർ	24/25
നിർവ്വഹണം	വെറ്ററിനറി സർജൻ
അടങ്കൽ തുക	6,08,000 (2,09,344 – വികസന ഫണ്ട്, ജനറൽ) 94,656 - തനതു ഫണ്ട് 3,04,000 – ഗുണഭോക്തൃ വിഹിതം
ചെലവ് തുക	ബിൽ സാങ്ഷൻ നമ്പർ/ തിയതി
2,09,344	674/06.03.25
94,656	637/12.02.25
3,04,000	636/12.02.25

പോത്ത് കുട്ടി വിതരണത്തിനായി തുക ചെലവഴിക്കുന്നതാണ് പ്രൊജക്ട്. പദ്ധതി പ്രകാരം വാബ് സൊസൈറ്റി, സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിൽ നിന്നും 38 പോത്ത് കുട്ടികളെ 16000/- രൂപ നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 33 ഗുണഭോക്താക്കൾ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പോത്ത് കുട്ടികളെ ഇൻഷ്വർ ചെയ്യാൻ സന്നദ്ധരായില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1. തസ്നിമ ആണിയം വീട്ടിൽ താഴം

2. റംല പൊറ്റമ്മൽ പുഴയോരം

3. ഉഷ വയപുറത്ത്

4. ഖദീജ ചെമ്പോളി പറമ്പ്

5. രണ കുമാരി

ഇത്തരത്തിൽ ഇൻഷ്വർ ചെയ്യാൻ തയ്യാറാവാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. /24-25 തിയതി 1.12.15) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉരുക്കളെ ഇൻഷ്വർ ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-23 ലോമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ - സൂപ്പർ വിഷൻ ചാർജ് അധികം നൽകി സ്ഥാപനത്തിന് അധിക തുക നൽകി

ഗ്രാമപഞ്ചായത്തിലെ ലോമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പരിപാലിക്കുന്നതിന് 2024-25 വർഷം ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

(I)

പ്രൊജക്ട് നമ്പർ	70/25
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ തുക	4,40,000 (തനതു ഫണ്ട്)
ബിൽ സാങ്ഷൻ നമ്പർ/ തിയതി	ചെലവ് തുക
419/06.11.24	4,00,000
591/16.01.25	40,000
ആകെ	4,40,000

(II)

പ്രൊജക്ട് നമ്പർ	301/25 (Spill Over)
നിർവ്വഹണം	സെക്രട്ടറി

അടങ്കൽ തുക	2,00,000 (തനതു ഫണ്ട്)
ബിൽ സാങ്ഷൻ നമ്പർ/ തീയതി	ചെലവ് തുക
863/24.03.25	1,90,000
862/24.03.25	7,000
ആകെ	1,97,000

ക്രമ നമ്പർ 1 പ്രകാരം 28.09.24 ൽ ടെണ്ടർ ക്ഷണിച്ചതിൽ, 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച 'രാജ് എനർജി സൊല്യൂഷൻസ്', അയനിക്കാട് എന്ന സ്ഥാപനത്തെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. [15.10.24 ലെ 5/174(1)/24 നമ്പർ പഞ്ചായത്ത് തീരുമാനം] ഒന്നിന് 40,000/- രൂപ നിരക്കിൽ ഒരു വർഷ വാറന്റിയാണ് സ്ഥാപനം ഓഫർ ചെയ്തിട്ടുള്ളത്. ചാലിൽ താഴം, മൂട്ടോളി, പടിഞ്ഞാറ്റം മുറി, പ്രിൻസ് ഓഡിറ്റോറിയത്തിന് സമീപം, കക്കോടി മുക്ക് , ചെലപ്രം, കൂടത്തും പൊയിൽ, പൊട്ടമുറി ജങ്ഷൻ, ഒറ്റത്തെങ്ങ്, പാർത്ഥസാരഥി, എരക്കുളം തുടങ്ങിയ 11 സ്ഥലങ്ങളിൽ സ്ഥാപിച്ച ലൈറ്റുകൾ റിപ്പയർ ചെയ്ത വകയിൽ 4,40,000/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ II പ്രകാരം മൂന്ന് ലൈറ്റുകൾ റിപ്പയർ ചെയ്ത വകയിൽ 1,90,000/- രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനും 7,000 രൂപ പ്രവൃത്തിയ്ക്ക് സൂപ്പർവിഷൻ ചാർജിനത്തിലും ഉൾപ്പടെ ആകെ 197000/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായി ആണ് ഇത് നടപ്പാക്കിയത്. ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയ്ക്ക് 22.08.23 ൽ കത്ത് നൽകുകയും 1,97,000/- രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കി തുക ചെലവഴിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ക്രമ നമ്പർ II പ്രകാരം, റിപ്പയർ ചെയ്യേണ്ട ഹൈമാസ്റ്റ്/ ലോമാസ്റ്റ് ലൈറ്റുകൾക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി 1,97,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഏറ്റെടുത്ത് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ തല ടെക്നിക്കൽ കമ്മിറ്റിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രകാരം ഒരു ഹൈമാസ്റ്റ് ലൈറ്റും (കക്കോടി ബസാർ) മൂന്ന് ലോമാസ്റ്റ് ലൈറ്റുകളും (കക്കോടി പഞ്ചായത്ത് ഓഫീസ്, കക്കോടി ബൈപാസ് ജങ്ഷൻ, കൂടത്തും പൊയിൽ) ഉൾപ്പടെ 4 ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. 7000/- രൂപ സൂപ്പർ വിഷൻ ചാർജ് ഉൾപ്പടെ 197000/- രൂപയാണ് എസ്റ്റിമേറ്റ് തുക. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് യുണൈറ്റഡ് ഇലക്ട്ടിക്കൽസ് ലഭ്യമാക്കിയിട്ടുള്ള ബില്ലിൽ (ഇൻവോയിസ് നമ്പർ UEI/928 Dated 22.03.24) 3 ലൈറ്റുകൾ റിപ്പയർ ചെയ്തതായാണ് കാണുന്നത്. അതായത് 3 ലൈറ്റുകൾ റിപ്പയർ ചെയ്തതിനാണ് 1,97,000/- രൂപ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത് . 1,97000/- രൂപയിൽ 7000/- സൂപ്പർവിഷൻ ചാർജ് കഴിച്ചുള്ള തുക 190000/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുമുണ്ട്. ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിലും അധികമായി ഇപ്രകാരം 3 ലൈറ്റുകൾ റിപ്പയർ ചെയ്തതിന് 190000/- രൂപ സ്ഥാപനത്തിന് അനുവദിച്ചത് ക്രമപ്രകാരമല്ല.

2. ഫയൽ പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ് എന്നീ പ്രവർത്തികൾക്കായി 7,000/- രൂപ ശ്രീ. അരവിന്ദാക്ഷൻ, ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി

അംഗത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 19.04.22 ലെ സ.ഉ.(കൈ) 84/22 നമ്പർ ഉത്തരവ് ഖണ്ഡിക 3.8.4 (Vi) അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5% തുകയും (കുറഞ്ഞത് 1000/- രൂപ), സൂപ്പർ വിഷൻ, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയവയ്ക്ക് 1.5% തുകയും (കുറഞ്ഞത് 2,000/- രൂപ), ചെക്ക് മെഷർ ചെയ്യുന്നതിന് .5% തുകയും (കുറഞ്ഞത് 1000/- രൂപ) ആണ് അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി മാത്രമാണ് ടെക്നിക്കൽ കമ്മിറ്റി നിർവ്വഹിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ പരമാവധി അനുവദിക്കാവുന്ന തുക 1,000/- രൂപയാണ്. ഇതിന് പകരം 7,000/- രൂപ അനുവദിച്ചതും ക്രമപ്രകാരമല്ല.

3. ക്രമ നമ്പർ II പ്രകാരം റിപ്പയർ ചെയ്യേണ്ട ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റുകൾക്ക് ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി 1,97,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഏറ്റെടുത്ത് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ 05.12.23 ലെ 5 നമ്പർ തീരുമാനത്തിൽ, പ്രവൃത്തി നടപ്പാക്കുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും താത്പര്യ പത്രം ക്ഷണിച്ചതിൽ, ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തെ അംഗീകരിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങളുടെ വിശദാംശങ്ങളും രേഖപ്പെടുത്തിയ നിരക്കുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റ് റിപ്പയറിങ്ങിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിലവിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ആയവ സ്ഥാപിച്ച സ്ഥലം, സ്ഥാപിച്ച വർഷം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റിപ്പയർ പ്രവൃത്തിയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

5. ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈററുകളുമായി ബന്ധപ്പെട്ട് ആയവ സ്ഥാപിച്ച സ്ഥലം, വർഷം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിലവിൽ വാറന്റി/എ.എം.സി ഉള്ളവയ്ക്കാണോ റിപ്പയറിങ്ങിനായി തുക ചെലവഴിച്ചതെന്ന് പരിശോധിക്കാനായിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 4 /24-25 തിയതി 29.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. 4 ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് 197000/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എന്നാൽ 3 ലൈറ്റുകൾ റിപ്പയർ ചെയ്തതിന് സ്ഥാപനത്തിന് മേൽ തുക അനുവദിക്കുകയും ചെയ്തത് വഴി ഒരു ലൈറ്റിന് അധിക തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. പരിശോധിച്ച് അധികം നൽകിയ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്. മറ്റു അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. 1,90,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 കുടിവെള്ള വിതരണം - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചത് വഴി അധിക തുക ചെലവഴിച്ചു

പ്രൊജക്റ്റ് നമ്പർ	55/25

അടങ്കൽ	4,50,500 (തനതു ഫണ്ട്)
ചെലവ് തുക	4,50,500
ബിൽ സാങ്ഷൻ നമ്പർ/ തിയതി	362/07.09.24

ഗ്രാമപഞ്ചായത്തിന്റെ വരൾച്ചാ ബാധ്യത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതാണ് പ്രൊജക്ട്. ഇതിനായി SC2-3565/22 നമ്പറായി 29.02.24 ന് ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് ടെണ്ടറുകൾ ലഭിച്ചു. ശ്രീ. മനോജ് കുമാർ, ശ്രീ.ഡിനു.കെ.കെ, ശ്രീ. ഷാജി എന്നീ കരാറുകാർ യഥാക്രമം കിലോ മീറ്ററിന് 97/- രൂപ, 125/ രൂപ, 126/- രൂപ എന്ന നിരക്കുകളിൽ ടെണ്ടർ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് കി.മീറ്ററിന് 97/- രൂപ നിരക്കിൽ ശ്രീ. മനോജ് കുമാർ എന്നയാളാണ്. എന്നാൽ കുറഞ്ഞ നിരക്കിൽ (കി.മീറ്ററിന് 97/- രൂപ) ടെണ്ടർ സമർപ്പിച്ച കരാറുകാരൻ ടെണ്ടർ പരസ്യത്തിൽ നിർദ്ദേശിച്ച പ്രകാരം ഫുഡ് & സേഫ്റ്റി സർട്ടിഫിക്കറ്റ്, വിതരണം ചെയ്യാനുള്ള വെള്ളം പരിശോധിച്ച ലാബ് റിപ്പോർട്ട് എന്നിവ ടെണ്ടറിനൊപ്പം ഹാജരാക്കിയില്ല എന്ന കാരണത്താൽ കുറഞ്ഞ നിരക്കിൽ സമർപ്പിച്ച ടെണ്ടർ നിരസിക്കുകയും രണ്ടാമതായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ഡിനു.കെ.കെ എന്നയാളുടെ കി.മീറ്ററിന് 125/- രൂപ എന്ന നിരക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (07.03.24 ലെ പഞ്ചായത്ത് തീരുമാനം) തുടർന്ന് കുടിവെള്ള വിതരണത്തിനായി വാഹനം സഞ്ചരിച്ച ആകെ 3604 Km ന് 125/- രൂപ നിരക്കിൽ 4,50,500/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മേൽ പഞ്ചായത്ത് തീരുമാനം പ്രകാരം, കുറഞ്ഞനിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. മനോജ് കുമാർ എന്ന കരാറുകാരൻ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല എന്ന കാരണത്താലാണ് ടിയാന്റെ ടെണ്ടർ നിരസിച്ചത്. എന്നാൽ രണ്ടാമത് കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. ഡിനു എന്ന കരാറുകാരൻ ടെണ്ടർ ഷെഡ്യൂളിനൊപ്പം ഫുഡ് & സേഫ്റ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളം ലാബിൽ പരിശോധിച്ച പരിശോധന റിപ്പോർട്ട് ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരാക്കിയിട്ടുണ്ടായിരുന്നില്ല എന്ന് കാണുന്നു. അതായത് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി /തുറന്നു പരിശോധിച്ച തീയതി 06.03.24 ആണ്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ശ്രീ. ഡിനു എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിനൊപ്പം ഹാജരാക്കിയത് വാട്ടർ അതോറിറ്റിയുടെ 07.03.24, 08.03.24 എന്നീ തിയതികളിലെ ലാബ് റിപ്പോർട്ടാണ്. ഇതിൽ നിന്നും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായ 06.03.24 ന് ടിയാൻ അനുബന്ധ രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നതാണ്.

മാത്രമല്ല, മേൽ കാരണത്താൽ ഗ്രാമപഞ്ചായത്ത് നിരസിച്ച ടെണ്ടറും സ്വീകരിച്ച ടെണ്ടറും തമ്മിൽ കി.മീറ്ററിന് 28/- രൂപയുടെ വ്യത്യാസം ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യം കണക്കിലെടുത്താൽ ടെണ്ടറിനൊപ്പം നിശ്ചിത രേഖകൾ ഹാജരാക്കാത്ത കരാറുകാരന് ആയവ ഹാജരാക്കുന്നതിനായി നിശ്ചിത സമയം നൽകാവുന്നതും തുടർന്നും ഹാജരാക്കിയില്ലെങ്കിൽ മാത്രം രണ്ടാമത്തെ നിരക്ക് അംഗീകരിക്കാവുന്നതാണെങ്കിലും അപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. വാഹനത്തിന്റെ വിശദാമായ ജി.പി.എസ്. റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 5 /24-25 തിയതി 29.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അനുബന്ധ രേഖകൾ ഹാജരാക്കിയില്ലെന്ന കാരണത്താൽ നിരസിക്കുകയും രണ്ടാമത് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ മതിയായ രേഖകൾ ടെണ്ടർ തുറക്കുന്ന സമയത്ത് ഇല്ലാതിരുന്നിട്ടും അംഗീകരിച്ചത് വഴി ഗ്രാമപഞ്ചായത്തിന് 1,00,912/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഈ വിധത്തിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 4,50,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-25 തെരുവ് വിളക്ക് സ്ഥാപിക്കൽ - കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല – മറ്റ് അപാകതകൾ</u>

പ്രൊജക്ട് നമ്പർ	171/25
അടങ്കൽ തുക	5,00,000(തനതു ഫണ്ട്)
ചെലവ് തുക	ബിൽ സാങ്ഷൻ നമ്പർ/ തിയതി
4,99,848	898/27.03.25

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പുതുതായി ലൈൻ വലിച്ച സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതാണ് പദ്ധതി. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ, 25/26 W ബൾബുകൾക്ക് ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത രാജ് എനർജി സൊല്യൂഷൻസ് അയനിക്കാട് എന്ന സ്ഥാപനത്തിന്റെ 2560.60/- എന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 01.01.25 ലെ 3/3(1)/25 നമ്പർ തീരുമാനം പ്രകാരം സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തതിൽ, നിരക്ക് 2499.24 ആയി കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 200 ബൾബുകൾ സ്ഥാപിച്ച വകയിൽ 4,99,848/- രൂപ ഈയിനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, സ്ഥാപിച്ച സ്ഥലം എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകളില്ല. ഇതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ, 2012-13 വർഷം മുതലുള്ള വാർഷിക പദ്ധതികളുടെ ഭാഗമായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം എഴുതി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് വാർഡ് അടിസ്ഥാനത്തിലല്ല സൂക്ഷിച്ചിട്ടുള്ളത്.

2. ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

3. പ്രൊജക്ട് രൂപീകരിച്ചത് ഓരോ വാർഡിലേയും ആവശ്യകതയ്ക്ക് അനുസരിച്ചാണ് എന്ന് വെളിവാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആകെ 21 വാർഡുകളിൽ, 1, 9,10,21

വാർഡുകളിലൊഴികെ മറ്റ് എല്ലാ വാർഡുകളിലും 9 എണ്ണം വീതം ആണ് സ്ഥാപിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഇതിനകം ജി.ഐ.എസ്. മാപ്പിങ്ങ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതിനാൽ ഓരോ വാർഡിലും സ്ട്രീറ്റ് മെയിൻ ഉള്ള സ്ഥലങ്ങളിൽ ബൾബുകൾ സ്ഥാപിക്കാനുള്ളത് വ്യക്തമായി കണക്കാക്കാവുന്നതും ആയത് അടിസ്ഥാനമാക്കി സ്ഥാപിക്കേണ്ട ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്താവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സാധ്യത പരിശോധിക്കാതെയും, ഓരോ വാർഡിലും എത്ര എണ്ണം സ്ഥാപിക്കണം എന്ന നിർദ്ദേശം കരാറുകാരന് നൽകാതെയും ആണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

4. തെരുവ് വിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭ്യമാകുന്ന പരാതികളുടെ സമയം, തിയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത് സംബന്ധിച്ച പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. വാങ്ങൽ നടത്തുന്നതിനു മുമ്പായി സ്ഥാപനം എം.എസ്.എം.ഇ. തന്നെയാണെന്നും സ്ഥാപനത്തിന് സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ ശേഷി ഉണ്ടെന്നും ഉറപ്പാക്കുവാൻ എല്ലാ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണെന്ന് ജി.ഒ(പി)നം.2/2019/എസ്.പി.ഡി തീയതി 24.01.19 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാതാക്കൾക്കും സേവന ദാതാക്കൾക്കും മാത്രമാണ് ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നിവയ്ക്ക് ഇളവിന് അർഹത ഉള്ളത് എന്നതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ കളുടെ ആധികാരികത ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത രാജ് എനർജി സൊല്യൂഷൻസ്, സ്റ്റാർ ഇലക്ട്രിക്കൽസ്, എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫീ, ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉണ്ടെന്ന കാരണത്താൽ ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ആധികാരിക വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/1.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 4,99,848/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പരിപാലനം തുടങ്ങിയവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും കെ.എസ്.ഇ.ബി.യുമായി ചേർന്ന് ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവു വിളക്കുകളുടെയും സംയുക്തപരിശോധന നടത്തി അതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-26 സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി - വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

സ്ട്രീറ്റ് ലൈറ്റ് പരിപാലനവുമായി ബന്ധപ്പെട്ട് 2024-25 വർഷം രൂപീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(I)

പ്രൊജക്ട് നമ്പർ	300/25 (Spill Over)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ തുക	3,41,575 (തനതു ഫണ്ട്)
ചെലവ് തുക	ബിൽ സാങ്ഷൻ നമ്പർ/ തിയതി
1,44,464	338/22.12.23
96,430	578/23.03.24
1,17,531	695/30.03.24
172575	828/21.03.25

(II)

പ്രൊജക്ട് നമ്പർ	344/25
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ തുക	7,00,000 (തനതു ഫണ്ട്)
ചെലവ് തുക	ബിൽ സാങ്ഷൻ നമ്പർ/ തിയതി
1,69,320	901/27.03.25
4,17,490	590/16.01.25

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പരിപാലിക്കുന്നതാണ് പ്രൊജക്ട്. ക്രമ നമ്പർ 1 പ്രകാരം ഗവ. അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും താത്പര്യ പത്രം ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ബൾബ് ഒന്നിന് 531/- എന്ന നിരക്ക് അംഗീകരിക്കുകയും 1000 ബൾബുകൾ റിപ്പയർ ചെയ്ത വകയിൽ 531000/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. ഇതിൽ 358425/- രൂപ 2023-24 വർഷവും 1,72,575/- രൂപ 2024-25 വർഷവുമാണ് ചെലവഴിച്ചിട്ടുള്ളത്.

ക്രമ നമ്പർ II പ്രകാരം ഗ്രാമപഞ്ചായത്തിലെ 2020 ഡിസംബറിന് മുൻപുള്ള സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച 'രാജ് എനർജി സൊല്യൂഷൻസ് ' എന്ന സ്ഥാപനത്തിന്റെ ബൾബ് ഒന്നിന് 830 എന്ന നിരക്ക് അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 9/11.11.24, 39/18.03.25 എന്നീ ഇൻവോയിസുകൾ പ്രകാരം 843 ലൈറ്റുകൾ റിപ്പയർ ചെയ്തതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. ഇതിൽ 586810/- രൂപ ഇതുവരെ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. രണ്ട് പ്രൊജക്ടുകളിലും ഉൾപ്പെടുത്തി വാർഷിക പരിപാലനത്തിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഇതുവരെ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ഹാജരാക്കിയ ബന്ധപ്പെട്ട രജിസ്റ്ററിൽ ഓരോ വാർഷിക പദ്ധതിയുടെയും ഭാഗമായി സ്ഥാപിച്ച ലൈറ്റുകളുടെ

ആകെ എണ്ണത്തിന്റെ പകർപ്പ് പതിച്ച് വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വാർഡിലും ആകെ നിലവിലുള്ള എണ്ണത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ വാറന്റി പിരീഡിലുള്ള ബൾബുകൾക്ക് എ.എം.സി ഉൾപ്പെടുത്തുന്നുണ്ടോ എന്നത് വ്യക്തമല്ല.

2. ക്രമ നമ്പർ II പ്രകാരം 2020 ഡിസംബറിനു മുൻപുള്ള ലൈറ്റുകളുടെ പരിപാലനത്തിനാണ് 7,00,000/- രൂപ അടങ്കലിൽ പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച കാരണത്താൽ തന്നെ പ്രസ്തുത കാലയളവിലുള്ള ലൈറ്റുകളുടെ എണ്ണം തിട്ടപ്പെടുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല. പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനത്തിനും ഏതെല്ലാം ബൾബുകളാണ് പ്രൊജക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നത് എന്നത് സംബന്ധിച്ച വിശദാംശംങ്ങൾ നൽകിയതായും കാണുന്നില്ല. ആയതിനാൽ തന്നെ ഏത് ഡാറ്റയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കിയത് എന്നതും വ്യക്തമല്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 15/24-25 തിയതി 01.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. യാതൊരു കണക്കുകളും തയ്യാറാക്കാതെ ഇത്തരത്തിൽ എല്ലാ വർഷവും സ്ട്രീറ്റ് ലൈറ്റ് പരിപാലന പദ്ധതി നടപ്പാക്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയമായി കണക്കാക്കാവുന്നതാണ്. ഇതിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-27 അഡ്വാൻസ് തിരികെ ലഭിച്ചില്ല

2024-25 സാമ്പത്തിക വർഷം 12.9.2024 ലെ വൌച്ചർ നമ്പർ 22400624 പ്രകാരം ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തുക അനുവദിച്ചിരുന്നു. ഇതിൽ സെക്രട്ടറിയ്ക്ക് അനുവദിച്ച 20000/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു.

ബി -18 ഷെഡ്യൂളിൽ അഡ്വാൻസ് ടു അതേഴ്സ് (460509901) എന്ന ഹെഡിൽ 664,277/- ക്രമീകരിക്കാതെ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 ൽ സി.എഫ്.എൽ.ടി.സി യ്ക്ക് ചെലവഴിച്ച 6,41,309/- രൂപയും 14.3.2019 ൽ വൌച്ചർ നമ്പർ 2180139 പ്രോജക്റ്റ് നമ്പർ . 177 തച്ചയിൽ താഴം ന്യൂ ബസാർ കനാൽ റോഡ് പ്രവൃത്തിയുടെ ബാലൻസ് തുക 22968/- (സി.എഫ്.സി ഗ്രാന്റ് 500000/- 31.3.21 ന് 477032/- രൂപ അഡ്ജസ്റ്റ് ചെയ്തു) രൂപയും ക്രമീകരിക്കാത്തതായി കാണുന്നു.

തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 24/24-25 തീയതി 1.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകകൾ ക്രമീകരിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതും ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-28 ജൽജീവൻ പദ്ധതി പൂർത്തിയായില്ല

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും 2024 വർഷത്തോടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് 2020 ൽ ആരംഭിച്ച പദ്ധതിയാണ് " ജൽ ജീവൻ മിഷൻ “ . കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശമനുസരിച്ച് കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ് വഹിക്കേണ്ടത്. സ.ഉ.(കൈ) നം.37/2020/ ജ.വി.വ തീയതി 8.6.2020 പ്രകാരം 2020-21വർഷത്തേക്ക് 880കോടി രൂപ അടങ്കലിൽ ജൽ ജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10% ഗുണഭോക്തൃവിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും നൽകാൻ

സന്നദ്ധത അറിയിക്കുന്ന ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 2020-21 വർഷം പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുവാനായി 108511812 /- രൂപയുടെ ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിക്ക് അംഗീകാരം ലഭിച്ചതാണ്. (10.7.20 ലെ 94/20(1)) പദ്ധതികളുടെ നടത്തിപ്പിനായി 10% ഗുണഭോക്തൃവിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും ഉറപ്പാക്കാൻ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട് .

ജല ജീവൻ മിഷൻ പദ്ധതി പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും 505ഗുണഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളതുമാണ് .

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ സഹായ ഏജൻസിയായ " ENTREPRENEURSHIP DEVELOPMENT SOCIETY " എന്ന സ്ഥാപനവുമായി 18.12.2021ന് ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്(എഗ്രിമെന്റ് നം.8/21-22) . 18മാസമാണ് കരാർ കാലാവധി. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

നിർവ്വഹണ സഹായ ഏജൻസി ഗ്രാമ പഞ്ചായത്ത് തലത്തിൽ 11വ്യത്യസ്ത ഡെലിവറബിൾസ് പൂർത്തീകരിച്ചതിനാൽ 542850/-രൂപ നിർവ്വഹണ സഹായ ഏജൻസിക്ക് ലഭ്യമാക്കുന്നതിനായി തുക അംഗീകരിച്ച് തൃകക്ഷി കരാറിലെ രണ്ടാം കക്ഷിയായ മെമ്പർ സെക്രട്ടറി ,ജില്ലാ ശുചിത്വ മിഷന് അയയ്ക്കാൻ ജെ.ജെ.എം /ഇ.ഡി.എസ് / കെ.എസ്.ഡി /2021/106 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു .എന്നാൽ തുക അംഗീകരിച്ച് മെമ്പർ സെക്രട്ടറി ,ജില്ലാ ശുചിത്വ മിഷന് കത്ത് നൽകിയതിന്റെ വിശദാംശം ഫയലിൽ ഇല്ല .

- മേൽ കരാറിന്റെ അനുബന്ധം എ പ്രകാരം സ്ഥാപനം പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ/ മൈൽസ്റ്റോൺസിനെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ഏതെല്ലാം പ്രവർത്തനങ്ങൾ പഞ്ചായത്തിൽ പൂർത്തീകരിച്ചുവെന്ന കൃത്യമായ വിവരം പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല.

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16.3.21 ലെ PDK/D1/JJM/KAKDY/6/20-21 നമ്പർ കത്ത് പ്രകാരം ജല ജീവൻ മിഷൻ മുഖേന ജല വിതരണ കണക്ഷൻ നൽകിയ 505 ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. അവരുടെ ഗുണഭോക്തൃവിഹിതം അടവാക്കാൻ (505X1582=798910) ആവശ്യപ്പെട്ടതിനെ തുടർന്നാണ് 2020-21 വാർഷിക പദ്ധതിയിൽ ജലജീവൻ മിഷന്റെ ഗ്രാമപഞ്ചായത്ത് വിഹിതം കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനായി വകയിരുത്തിയ പദ്ധതിയിൽ നിന്നും 500000/-രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചത് (466/29.3.321-500000).

ഗ്രാമപഞ്ചായത്തിൽ ഇതുവരെയായി 874 ഗുണഭോക്താക്കൾ അവരുടെ ഗുണഭോക്തൃവിഹിതമായ 1382668/- രൂപ (874X1582=1382668) പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് . അതിൽ 500000/-രൂപ 2020-21 വർഷം അടവാക്കിയതിനാൽ 8,82,668/-രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട് .

ഫണ്ടിന്റെ അപര്യാപ്തത മൂലം ജൽജീവൻ മിഷൻ പദ്ധതിക്കായി കക്കോടി ഗ്രാമപഞ്ചായത്ത് തുടർന്നുള്ള വർഷങ്ങളിൽ ഇതുവരെ ജല അതോറിറ്റിക്ക് തുക കൈമാറുന്നതിനായി പദ്ധതി രൂപീകരിക്കുകയോ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

- വാട്ടർ അതോറിറ്റി മുഖേന വീടുകളിലേക്കുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ നടന്നു വരുന്നുണ്ടെങ്കിലും, നാളിതു വരെ ഈ പദ്ധതിയുടെ പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും നൽകുന്നതിനുള്ള പ്രോജക്ടുകളൊന്നും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. ഫണ്ടിന്റെ

അഭാവമാണ് കാരണമായി അറിയിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എം എൽ എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ് 10/08/2020 തീയതിയിൽപുറപ്പെടുവിച്ച സ.ഉ സാ.ധാ.4584/2020/ധന നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളൊന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല .

ഗ്രാമീണ വീടുകളിൽ സുരക്ഷിത കുടിവെള്ളം ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതും പദ്ധതിയുടെ നടത്തിപ്പ് പുരോഗതി സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-29 ആരോഗ്യമേഖല ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനായി നിയമം വഴി ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നൽകുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243(ജി) യിൽ നിർദ്ദേശിക്കുകയും അതു പ്രകാരം സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങൾക്ക് പഞ്ചായത്തുകളെ ഏൽപ്പിക്കാവുന്ന പദ്ധതികൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനൊന്നാം പട്ടികയിലെ ക്രമ നം. 23 പ്രകാരം സംസ്ഥാനങ്ങൾ ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും ഉൾപ്പെടുന്ന ആരോഗ്യ-ശുചിത്വമേഖലയുടെ ചുമതല പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം കേരള സർക്കാർ മേൽപ്പറഞ്ഞ ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുംപെടുന്ന ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് (മൂന്നാം പട്ടികയിലെ ക്രമ.നം. സി.XII.1) ഗ്രാമപഞ്ചായത്തുകളുടെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നുള്ളത് (നാലാം പട്ടികയിലെ ക്രമ നം. ബി.X) ബ്ലോക്ക് പഞ്ചായത്തുകളുടെയും, ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക എന്നുള്ളത് (അഞ്ചാം പട്ടികയിലെ ക്രമ നം. ബി.Xi.1) ജില്ലാ പഞ്ചായത്തിന്റെയും ചുമതലയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ചു വർഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ട് നവകേരളം കർമ്മപരിപാടിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ വിവിധ

ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

ക്രമ നം	ഉത്തരവ്/സർക്കുലർ
1	സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022
2	സ.ഉ (സാധാ) നം. 2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022
3	സ.ഉ (സാധാ) നം. 3157/2022/ത.സ്വ.ഭ.വ തീയതി 21.12.2022
4	സർക്കുലർ നം. എഫ്.എം3/138/2023/ ത.സ്വ.ഭ.വ തീയതി 23.05.2023
5	സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ആറ് സ്കീമുകൾക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയിൽ സ്കീം 1,2,3,4 എന്നിവ പഞ്ചായത്തുകൾക്കും സ്കീം 5, 6 എന്നിവ നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകമായവയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സ്കീമുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

സ്കീം	വിശദാംശം
1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്ര ങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം
3	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
4	ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

മേൽപ്പറഞ്ഞവയിൽ സ്കീം 1,3,4 എന്നിവ പ്രകാരമുള്ള ഗ്രാന്റുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാന്റ് ലഭിക്കുന്ന അഞ്ചു വർഷ കാലാവധിയിലെ നാലു വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ കക്കോടി ഗ്രാമപഞ്ചായത്തിന് ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിനെയും, ആയതിന്റെ വിനിയോഗത്തിനെയും, ഫലപ്രാപ്തിയെയും സംബന്ധിച്ച കാര്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് വരവും വിനിയോഗവും

കക്കോടി ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ ലഭ്യമായ ആരോഗ്യ മേഖലാ ഗ്രാന്റിനെയും ആയതിന്റെ വിനിയോഗത്തെയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

സ്കീം	ലഭിച്ച തുക					ചെലവഴിച്ച ആകെ തുക	നീക്കിയിരിപ്പ്
	2021-22	2022-23	2023-24	2024-25	ആകെ		
1	0	0	0	0	0	0	0
3	0	369397	1256000	525000	2150397	1699301	451096
4	0	179903	505000	805000	1489903	949156	540747
ആകെ	**0**	**549300**	**1761000**	**1330000**	**3640300**	**2648457**	**991843**

ഗ്രാമപഞ്ചായത്തിന് വിവിധ സ്കീമുകളിലായി നാളിതുവരെ ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിന്റെ ചെലവ് ശതമാനത്തെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

സ്കീം	**31.03.2025 വരെ ലഭിച്ച ആകെ തുക**	**31.03.2025 വരെ ചെലവഴിച്ച ആകെ തുക**	**ചെലവ് ശതമാനം**
1	0	0	0
3	2150397	1699301	79%
4	1489903	949156	64%
ആകെ	**3640300**	**2648457**	**73%**

ഗ്രാമപഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ 73% മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

2. ബാങ്ക് അക്കൗണ്ടുകൾ

ആരോഗ്യമേഖലാ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി കക്കോടി ഗ്രാമപഞ്ചായത്ത് കാനറാ ബാങ്കിന്റെ കക്കോടി ശാഖയിൽ മൂന്ന് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ ലഭ്യമായ തുക ഉൾപ്പെടെ 10,27,085/-രൂപ 31.03.2025ന് പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ്കീം	**അക്കൗണ്ട് നം.**	**31.03.2025ലെ നീക്കിയിരിപ്പ്**
1	110042479652	0
3	110042479754	475767 (നാളിതു വരെ ലഭിച്ച പലിശ ഉൾപ്പെടെ)
4	110042479487	551318 (നാളിതു വരെ ലഭിച്ച പലിശ ഉൾപ്പെടെ)
31.03.2025ലെ ആകെ നീക്കിയിരിപ്പ്		1027085/- (നാളിതു വരെ ലഭിച്ച പലിശ ഉൾപ്പെടെ)

3. പദ്ധതികൾ

ആരോഗ്യമേഖല ഗ്രാന്റ് വകയിരുത്തി വിവിധ സ്കീമുകളിലായി കക്കോടി ഗ്രാമപഞ്ചായത്തിൽ ആസൂത്രണം ചെയ്യുന്നതും നടപ്പാക്കിയതുമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

I) സ്കീം-1 (കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം)

സ്കീം-1 ൽ ഗ്രാമപഞ്ചായത്തിന് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

Ii) സ്കീം-3 (ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ)

ക്രമ നം	**വർഷം**	**പ്രൊജക്റ്റ്**	**അടങ്കൽ തുക / നിർവ്വഹണം**	**ചെലവ് തുക**

1	2022-23	205/22-23 ആരോഗ്യസ്ഥാപനത്തിലെ രോഗനിർണ്ണയ സൌകര്യം ഏർപ്പെടുത്തൽ	369396 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	369396
2	2023-24	316/23-24 രോഗനിർണ്ണയ സൌകര്യം ഏർപ്പെടുത്തൽ	1256000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	1256000
3	2024-25	391/24-25 രോഗനിർണ്ണയ സൌകര്യം ഏർപ്പെടുത്തൽ	525000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	73905
ആകെ ചെലവ്				**1699301**

<u>Iii) സ്കീം-4 (ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ)</u>

ക്രമ നം	**വർഷം**	**പ്രൊജക്ട്**	**അടങ്കൽ തുക / നിർവ്വഹണം**	**ചെലവ് തുക**
1	2022-23	206/22-23 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	179872 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	179872
2	2023-24	317/23-24 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	505000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	505000
3	2024-25	392/24-25 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	805000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	264284
ആകെ ചെലവ്				**949156**

<u>4. വിശകലനവും നിർദ്ദേശങ്ങളും</u>

ആരോഗ്യമേഖല ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെയാണ് പ്രൊജക്റ്റുകൾ നടപ്പാക്കി വരുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ എന്നിവ കക്കോടി സാമൂഹികാരോഗ്യ കേന്ദ്രം,മെഡിക്കൽ ഓഫീസറാമാണ് നിർവ്വഹിക്കുന്നത്.

സ്കീം-3 പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ആകെ 3 പ്രൊജക്റ്റുകളാണ് ഗ്രാമപഞ്ചായത്ത് ഇതുവരെ

ആവിഷ്കരിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ 3 പ്രൊജക്ടുകളിൽ 2 എണ്ണം നിലവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രൊജക്ട് (391/24-25) നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

സ്കീം-4 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ആകെ 3 പ്രൊജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ 3 പ്രൊജക്ടുകളിൽ 2 എണ്ണം നിലവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രൊജക്ട് (392/24-25) നിലവിലും പൂർത്തികരിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ 73% തുക മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ് ഓരോ വർഷത്തെയും ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നത് എന്നതിനാൽ പദ്ധതികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിലേക്ക് നീണ്ടുപോകുന്ന സാഹചര്യമുണ്ട്. യഥാസമയം ഗ്രാന്റ് ലഭ്യമാവുന്ന പക്ഷം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. സ്കീം 3, 4 എന്നിവ പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും പൊതുജനാരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക സാഹചര്യമനുസരിച്ചുള്ള നവീന പദ്ധതികൾ നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്നത് ഗ്രാന്റ് വിനിയോഗം ഫലപ്രദമാകുന്നതിന് സഹായകരമായിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലയിലെ വർക്കിങ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ച് സൗകര്യങ്ങളും ആവശ്യകതകളും വിലയിരുത്തി ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഫലപ്രദമായ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് അത്തരം നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിലും, രൂപീകരിക്കുന്ന പ്രൊജക്ടുകളുടെ നിർവ്വഹണ നടപടികൾ നിരീക്ഷിക്കുന്നതിലും, ഫലപ്രാപ്തിയിലെത്തിക്കുന്നതിലും ആരോഗ്യമേഖലാ വർക്കിങ് ഗ്രൂപ്പിന്റെയും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ - സൂപ്പർവിഷൻ ചാർജ് അധികം നൽകി / സ്ഥാപനത്തിന് അധിക തുക നൽകി

പ്രൊജക്ട് നമ്പർ	301/25 (Spill Over)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ തുക	2,00,000 (തനതു ഫണ്ട്)
ചെലവ് തുക	ബിൽ സാങ്ഷൻ നമ്പർ/ തിയതി
1,90,000	863/24.03.25
7,000	862/24.03.25
ആകെ 1,97,000	

ഗ്രാമപഞ്ചായത്തിലെ ലോമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പരിപാലിക്കുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. റിപ്പയർ ചെയ്യേണ്ട ഹൈമാസ്റ്റ്/ ലോമാസ്റ്റ് ലൈറ്റുകൾക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി 1,97,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഏറ്റെടുത്ത് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് ലൈറ്റുകൾ റിപ്പയർ ചെയ്ത വകയിൽ 1,90,000/- രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനും 7,000 രൂപ പ്രവൃത്തിയ്ക്ക് സൂപ്പർവിഷൻ ചാർജിനത്തിലും ഉൾപ്പടെ ആകെ 197000/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ഫയൽ പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ് എന്നീ പ്രവർത്തികൾക്കായി 7,000/- രൂപ ശ്രീ. അരവിന്ദാക്ഷൻ, ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി അംഗത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 19.04.22 ലെ സ.ഉ.(കൈ) 84/22 നമ്പർ ഉത്തരവ് ഖണ്ഡിക 3.8.4 (Vi) അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ .5% തുകയും (കുറഞ്ഞത് 1000/- രൂപ), സൂപ്പർ വിഷൻ, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയവയ്ക്ക് 1.5% തുകയും (കുറഞ്ഞത് 2,000/- രൂപ), ചെക്ക് മെഷർ ചെയ്യുന്നതിന് .5% തുകയും (കുറഞ്ഞത് 1000/- രൂപ) ആണ് അനുവദിക്കാവുന്നത്. (അതായത് എസ്റ്റിമേറ്റ് തുകയുടെ 2.5% ആണ് പരമാവധി ഈയിനത്തിൽ നൽകാവുന്നത്.) ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി മാത്രമാണ് ടെക്നിക്കൽ കമ്മിറ്റി നിർവ്വഹിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ പരമാവധി അനുവദിക്കാവുന്ന തുക 1,000/- രൂപയാണ്. ഇതിന് പകരം 7,000/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 4 /23-24 തിയതി 29.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. സൂപ്പർവിഷൻ ചാർജിനത്തിൽ ടെക്നിക്കൽ കമ്മിറ്റി അംഗത്തിന് അധികമായി അനുവദിച്ച 6,000/- രൂപ ഉത്തരവാദിയായ

ഉദ്യോഗസ്ഥനിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് റിക്കവറിയും അടവാക്കലും

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
22	109500	109500	ഇല്ല	

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

** സ്ഥാപനത്തിലെ സാങ്ഷൻഡ് പോസ്റ്റ് 22 ആണെങ്കിലും 2024-25 വർഷം പൂർണ്ണമായും എഫ്.ടി.എസ്. ന്റെ ഒരു പോസ്റ്റ് വേക്കന്റ് ആയിരുന്നു. കൂടാതെ 2024 ജൂൺ മാസം മുതൽ 2025 ഫെബ്രുവരി വരെ ഡ്രൈവറുടെ പോസ്റ്റും എഫ്.ടി.എസ്. ന്റെ പോസ്റ്റും വേക്കന്റ് ആയിരുന്നു.

2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2023 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
		ഇല്ല		-	

3) മെഡിസെപ് പ്രീമിയം ഒടുക്ക് -(01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല				

4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
		ഇല്ല			

<u>4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം</u>

സാമ്പത്തിക വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	29.11.2025 മുതൽ 30.11.2025 വരെ	ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു

<u>4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം</u>

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	അടങ്കൽ തുക	പ്രൊജക്ട്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	900000	ലൈഫ് ഭവന പദ്ധതി ജനറൽ	900000
		163000	ലൈഫ് ഭവന പദ്ധതി എസ്.സി	163000
		20000	അതിദരിദ്രരിൽ ഉൾപ്പെട്ട എസ്.സി ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിന് അധിക വിഹിതം നൽകൽ	20000
		750000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	750000

		307491	ശ്മശാന നിർമ്മാണം രണ്ടാംഘട്ടം	307491
		623197	ശ്മശാന നിർമ്മാണം പൂർത്തീകരണം	623197
		100000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	100000
ആകെ		2863688		2863688
ജില്ലാ പഞ്ചായത്ത്	2024-25	34000	നെൽകൃഷി സ്ഥിരം കൃഷി സഹായം	34000
		450000	ലൈഫ് ഭവന പദ്ധതി ജനറൽ	450000
		250000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	250000
		100000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	100000
		50000	ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി	50000
ആകെ		884000		884000

4-4 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം/ ബിൽ നം	മുൻകൂർ നൽകിയ തുക	ചെല വഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ജലസേചന വകുപ്പ്	194/24-25 പൂവണത്ത് കനാൽ പാലം	10/09.05.2024	275000	0	275000
കെ.എസ്.ഇ.ബി	199/24-25 മിനി സ്റ്റേഡിയം കമലക്കുന്ന് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ	9/09.05.2024	100000	0	100000

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	സാമ്പത്തിക വർഷം	തൻ വർഷം എടുത്ത വായ്പ	വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	

ലൈഫ് ഭവന പദ്ധതി KURDFC 2018		2024-25	5373976	1304109	1204765	0	5473320
HUDCO 2022		2024-25	6695872	0	0		6695872

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	3,000
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	3,000
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	3,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക	റിമാർക്ക്സ്
1	കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി, ഓഹരി	4.8.1988		2,500	
2	കോഴിക്കോട് ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം , ഓഹരി	20.2.1986		500	
	ആകെ			3,000	

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23,469/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2021-22	1-14	21146	റിതു,പി.ഡബ്ല്യു.ഡി കോൺട്രാക്ടർ	1240302710/ 29-08-2024
2021-22	1-13	2323	അജിത്ത്.കെ.പി	1240302766/ 30-08-2024

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹ്യത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01		2004-05	11.1.3.51	നികുതിപിരിവിൽ അലംഭാവം	പരാമർശം തുടരുന്നു
		2013-14	6.3.1	സോഷ്യൽ ഓഡിറ്റ് കമ്മിറ്റി	പരാമർശം തുടരുന്നു
2014-15	2-2	2016-17	അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	”
2016-17	2-7	2017-18	1.11.7	വസ്തുനികുതിയിൽ നഷ്ടം	”

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	97480148
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,13,80,596
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	6000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	14,07,964

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1		6,000	ശ്രീ.നിഷാന്ത് ആർ,സെക്രട്ടറി
ആകെ		6000	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	2,00,000	ഡോ.ജുമാന എം. എ,മെഡിക്കൽ ഓഫീസർ(ഹോമിയോ)
1-16	51,116	ഡോ.ജിനീബ് പി എം കെ,മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി

1-19	16,500	ഡോ.ജിനീബ് പി എം കെ,മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി
1-23	1,90,000	ശ്രീ.നിഷാന്ത്.ആർ,സെക്രട്ടറി
1-24	4,50,500	ശ്രീ. യു.കെ.രാജൻ, സെക്രട്ടറി
1-25	4,99,848	ശ്രീ.നിഷാന്ത്.ആർ,സെക്രട്ടറി
ആകെ	14,07,964	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി)**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. യു.കെ.രാജൻ സെക്രട്ടറി	സീനിയർ സൂപ്രണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം	എഴുത്തച്ചൻകണ്ടിപറമ്പ്, മേരിക്കുന്ന്- പി ഒ- 673009
ശ്രീ.നിഷാന്ത് ആർ, സെക്രട്ടറി	അക്കൌണ്ട്സ് ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ	ഫ്ലോറിയ, എ.കെ.ജെ.കെ റോഡ്, ചേവായൂർ പി.ഒ, കോഴിക്കോട്-673017
ഡോ.ജുമാന എം. എ,മെഡിക്കൽ ഓഫീസർ(ഹോമിയോ)	മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി,കോക്കല്ലൂർ	അമാന വീട്ടിൽ ഹൌസ്,കിഴക്കുമുറി പി.ഒ,കക്കോടി-673611
ഡോ.ജിനീബ് പി എം കെ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി,കക്കോടി	പടിഞ്ഞാറെ മുതിരക്കാലിൽ, മുതുവടത്തൂർ പോസ്റ്റ്, വടകര-673503

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2006-07	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(7) തി.19.4.23	4	3-6, 3-16, 3-21(1), (2), 3-22
2007-08	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(8)	12	3-2(B), 3-3, 3-4, 3-5, 3-6,

	തി.19.4.23		3-8, 3-9,3-11,3-16, 3-18, 3-19, 3-21
2009-10 2010-11	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(10) തി.19.4.23	3	3-3,3-4, 3-6
2011-12 2012-13	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(11) തി.20.4.23	3	3-10,3-22,3-23
2013-14 2014-15	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(12) തി.20.4.23	2	2-2, 3-6
2015-16	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(13) തി.20.4.23	11	3-3,3-4,3-5,3-6, 3-7, 3-8 , 3-13, 3-14, 3-15,3-17,3-18
2016-17	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(14) തി.20.4.23	11	2-7,2-8,3-1,3-6, 3-7, 3-8, 3-9, 3-14, 3-18, 3-23,3-25
2017-18	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(15) തി.20.4.23	2	3-5,3-15
2018-19	കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(16) തി.20.4.23	5	1-13,1-18, 1-19,1-22,1-32
2019-20	കെ.എസ്.എ.കെ. കെ.ഡി. പി.10/458/2025(2) തി.10.6.25	8	1-10(3)(4),1-11,1-12, 1-16,1-17,1-18,1-20,3-1
2020-21	കെ.എസ്.എ.കെ. കെ.ഡി. പി.5/107/2022 തി.11.4.22	13	1-2,1-9,1-12(2)(3)(4)(8-(3)),1-16,1-17,1-19, 1-20,1-21,1-23, 1-24,1-25,1-27,3-1
2021-22	കെ.എസ്.എ.കെ. കെ.ഡി. പി.10/458/2025(4) തി.26.5.25	4	1-1,1-10,1-11,4-11
2022-23	കെ.എസ്.എ.കെ. കെ.ഡി. പി.10/259/2024 തി.06.05.24	24	1-1,1-1(1-6),1-8,1-9,1-10, 1-12,1-16,1-17,1-20,1-21, 1-23,1-24,1-25,1-26,1-27, 1-28,1-29,3-1,4-11
2023-24	കെ.എസ്.എ.കെ. കെ.ഡി. പി.10/1983(1)/2024 തി.21.04.25	25	1-1,1-1(1,2,3,4,5,8,9),1-6,1-8,1-9, 1-11,1-12,1-13,1-15,1-17,1-18,1-20, 1-21,1-22,1-

			24(2,3),1-26,1-29,1-30,4-11

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 136/2025 dated 136/2025 dated 30-05-2025 and submitted on 05-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kakkodi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kakkodi Grama Panchayat as on 31-03-2025

Date: 08/01/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Kakkodi Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1.The mandatory financial statements like Ratios, Not to Accounts prescribed in accounting rules are not
submitted for audit.
2.Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.
3.Further action not taken in the amount directly debited by bank.
4.Bank book balance in bank reconciliation statement not tally with actual bank balance on that day.
5.cfc grant amont balance differs in B4 and B17 .
6.E-tender fee demand not accounted completely.
7.existence of a co-operative account in B-17 with no details.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്